24/01/2025

FRIDAY

വെള്ളിയാഴ്ച്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A    Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/01/2025

1. കാർഷിക മേഖലയിൽ ചെലവ് കുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ കാർഷിക ) യന്ത്രവൽക്കരണ ഉപ പദ്ധതി SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു . ഇതനുസരിച്ച് വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40% മുതൽ 50% വരെയും കർഷകരുടെ കൂട്ടായ്മകൾ, SHG കൾ FPO കൾ, വ്യക്തികൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി (കസ്റ്റം ഹയറിംഗ് സെൻ്ററുകൾ) തുകയുടെ 40% സാമ്പത്തിക സഹായവും, യന്ത്രവൽക്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപയുടെ പദ്ധതിക്ക് പരമാവധി 80% എന്ന നിരക്കിൽ 8 ലക്ഷം രൂപയും സാമ്പത്തിക സഹായം അനുവദിക്കുന്നു .2024-2025 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി 15/01/2025 മുതൽ http://agrimachinery.nic.in/index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ് എന്നറിയിച്ചിരുന്നെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ഓൺലൈൻ അപേക്ഷകൾ 25/01/2025 മുതൽ മാത്രമേ നൽകുവാൻ സാധിക്കുകയുള്ളൂ എന്നറിയിക്കുന്നു .പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ ഫോൺ

നമ്പറുകളിലോ, ഇ മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ് .(ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ :0471-2306748, 0477-2266084, 0495-2725354: E-mail smamkerala@gmail.com).

2. കുട്ടനാട്ടിൽ പുഞ്ചകൃഷി ഇറക്കിയ ചില പാടശേഖരങ്ങളിൽ മുഞ്ഞയുടെ സാന്നിദ്ധ്യം കാണുന്നുണ്ട്. കർഷകർ ജാഗ്രത പുലർത്തേണ്ടതും നിരന്തരം നെൽച്ചെടിയുടെ ചുവട്ടിൽ പരിശോധന നടത്തേണ്ടതുമാണ്. പകൽ സമയത്തെ കഠിന ചൂടും, രാത്രിയിലെ തണുപ്പുമായ കാലാവസ്ഥയിൽ മുഞ്ഞ കൂടുതലായി പകരാനുള്ള സാദ്ധ്യതയുണ്ട്. എന്നാൽ മിക്കയിടങ്ങളിലും മുഞ്ഞയുടെ മുട്ടകളെ ആഹാരമാക്കുന്ന മിറിഡ് ചാഴികൾ കാണപ്പെടുന്നു. ഈ സാഹചര്യത്തിൽ കർഷകർ വളരെ കരുതലോടു കൂടിയിരിക്കണം. സാങ്കേതിക നിർദ്ദേശ പ്രകാരമല്ലാതെ ഒരു കീടത്തിനെതിരേയും രാസകീടനാശിനികൾ പ്രയോഗിക്കരുത്. കൃഷിയിടത്തിൽ പ്രയോഗിക്കുന്ന ഏതൊരു കീടനാശിനിയും തുടർന്ന് മുഞ്ഞയുടെ വംശവർദ്ധനവിന് ഇടയാക്കുമെന്നതിനാൽ, ഇക്കാര്യത്തിൽ കർഷകർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം. കീടനിരീക്ഷണകേന്ദ്രം ഉദ്യോഗസ്ഥർ അതാത് കൃഷിയിടങ്ങൾ സന്ദർശിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതാണ്. ഇതിനായി കർഷകർക്ക് 8547865338, 9074306585 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

3. വെള്ളായണി കാർഷിക കോളേജിലെ അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ ഒരു അസിസ്റ്റൻറ് പ്രൊഫസറിന്റെ (കരാർ നിയമനം) താൽക്കാലിക ഒഴിവുണ്ട്. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദവും നെറ്റ്/ പിഎച്ച്ഡി യോഗ്യതയും ഉള്ള ഉദ്യോഗാർത്ഥികൾക്ക് കാർഷിക കോളേജ്, വെള്ളായണി ഡീൻ ഓഫ് ഫാക്കൽറ്റിയുടെ ഓഫീസിൽ 6.02.2025 നു രാവിലെ 10 മണിക്ക് നടക്കുന്ന വാക്ക് ഇൻ ഇൻറർവ്യൂവിൽ പങ്കെടുക്കാവുന്നതാണ്. വിശദാംശങ്ങൾക്ക് www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. പതനംതിട്ട ജില്ലയിലെ കോഴഞ്ചേരി പന്നിവേലിച്ചിറയിലുള്ള ഫിഷറീസ് കോംപ്ലക്സിൽ കാർപ്പ്, തിലാപ്പിയ എന്നീ മത്സ്യകുഞ്ഞുങ്ങളും അലങ്കാര മത്സ്യങ്ങളും ജനുവരി 24ന് രാവിലെ പതിനൊന്ന് മണി മുതൽ വൈകിട്ട് മൂന്ന് മണി വരെ വിതരണം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ 9562670120‍8.

5. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം **"ലാൻഡ്സ്കേപ്പിംഗ്"** എന്ന വിഷയത്തിൽ സൗജന്യ മാസ്സീവ് ഓപ്പൺ ഓൺലൈന് കോഴ്സിൻറെ പുതിയ ബാച്ച് ഫെബ്രുവരി മാസം 10 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് ഈ കോഴ്സ് കൈകാര്യം ചെയ്യുന്നത്. താൽപ്പര്യമുള്ളവര് ഫെബ്രുവരി 9 നകം ഈ കോഴ്സില് രജിസ്റ്റര് ചെയ്യേണ്ടതാണ്. 22 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. കമ്പ്യൂട്ടർ ഉപയോഗിച്ചോ മൊബൈൽ ഫോൺ (സ്മാർട്ട് ഫോൺ) ഉപയോഗിച്ചോ പഠനം നടത്താവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഫെബ്രുവരി 10 മുതല് 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യൂസര് ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളില് പങ്കെടുക്കാവുന്നതാണ്.

6. റബ്ബർതോട്ടം തൊഴിലാളികൾക്കായി റബ്ബർബോർഡ് നടപ്പാക്കുന്ന ക്ഷേമപദ്ധതികളെക്കുറിച്ചറിയാൻ കോൾസെന്ററുമായി ബന്ധപ്പെടാവുന്നതാണ്. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് 2025 ജനുവരി 24 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 02 മണി മുതൽ 05 മണി വരെ റബ്ബർബോർഡിലെ അസിസ്റ്റന്റ് ഡയറക്ടർ (ലേബർ മാനേജ്മെന്റ്) മറുപടി നൽകും. കോൾസെന്റർ നമ്പർ 0481 2576622.